**പ്രത്യേക പരാമർശം**

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ കൃഷി വകുപ്പിന്റെയും മറ്റ് ഡിമാന്റുകളുടെയും ചർച്ച അവസാനിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറഞ്ഞു. ആ സമയത്തെ propriety - യുടെ പ്രശ്നമാണിത്. മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും ഏതുസമയത്തും സഭയിൽ കാര്യങ്ങൾ ഉന്നയിക്കാനുള്ള അവകാശമുണ്ട്. ഞാൻ അതിനെ നിഷേധിക്കുന്നില്ല. അതുപോലെ മെമ്പർമാർക്കും സഭയിൽ അവരുടെ അഭിപ്രായം പറയാനുള്ള അവകാശമുണ്ട്. (......ബഹളം......) They can freely express their views cutting across political line. പാർലമെന്ററി ജനാധിപത്യത്തിൽ മെമ്പർമാർക്ക് അതിനുള്ള അവകാശമുള്ളതാണ്. മുഖ്യമന്ത്രിക്ക് സംസാരിക്കാനുള്ള അവകാശമുള്ളതുപോലെ മെമ്പർമാർക്കും അവകാശമുണ്ട്. പക്ഷേ, ഞാൻ ആരുടെയും പേര് പറയുന്നില്ല, നിരവധി മെമ്പർമാർ കോൺഗ്രസ് പാർട്ടിയേയും മുസ്ലീം ലീഗിനേയും ഞങ്ങളുടെ നയങ്ങളേയും ഞങ്ങളുടെ പാർലമെന്ററി പാർട്ടി ലീഡറെ തെരഞ്ഞെടുത്തതിനെക്കുറിച്ചും ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ചുമൊക്കെ വളരെ

മോശമായി പറയാറുണ്ട്. അതെല്ലാം ഞങ്ങളിവിടെ കേട്ടുകൊണ്ടിരിക്കുകയാണ്. അതിന് മറുപടി പറയാനുള്ള അവകാശം ഇപ്പുറത്തുള്ളവർക്കുമുണ്ട്. രണ്ട് മന്ത്രിമാർ ഒരു മണിക്കൂർ പ്രസംഗിച്ചിട്ടും അവരാരും ഇതൊന്നും പറഞ്ഞില്ല. അത് വളരെ ദൗർഭാഗ്യകരമാണ്. മുഖ്യമന്ത്രി സഭാനേതാവുകൂടിയാണ്. ഒരംഗത്തെ വളരെ ഭീഷണിപ്പെടുത്തുന്ന തരത്തിൽ അദ്ദേഹം സംസാരിച്ചത് വളരെ ദൗർഭാഗ്യകരമാണ്. ഡിമാന്റിൽ ഇടപെട്ട് അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ പറഞ്ഞിരുന്നെങ്കിൽ നമുക്ക് മനസ്സിലാകുമായിരുന്നു. അത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ നിയന്ത്രിക്കേണ്ടതാണ്. നാളെ അപ്പുറത്തുനിന്നും ഏതെങ്കിലുമൊരു മെമ്പർ സംസാരിക്കുമ്പോൾ ഞാൻ എഴുന്നേറ്റ് എനിക്കിഷ്ടമുള്ള കാര്യങ്ങൾ പറയാൻ പാടുണ്ടോ? (......ബഹളം......) അത് ശരിയല്ല. അത് സഭയുടെ അന്തസ്സിന് നിരക്കുന്നതല്ല. അംഗങ്ങളുടെ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾക്കെതിരായുള്ള വിലക്കാണത്. ഒരു കാരണവശാലും പ്രതിപക്ഷം അതിനെ അംഗീകരിക്കുകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത് ഉന്നയിച്ച സാഹചര്യത്തിൽ ഒരു കാര്യം പറയാൻ ചെയർ ആഗ്രഹിക്കുകയാണ്.

ധനാഭ്യർത്ഥനയുടെ ചർച്ച യഥാർത്ഥത്തിൽ പ്രാതിനിധ്യ സ്വഭാവമുള്ളതാണ്. ഓരോ പാർട്ടികളും ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളുടെ പേരും സമയവും നിശ്ചയിച്ച് തരുന്നതിന്റെ അടിസ്ഥാനത്തിലാണ് ചർച്ച നടക്കുന്നത്. ചർച്ചയുടെ സമയത്ത് ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുറച്ച് പറയുകയും മറുപടി സമയത്ത് അതിലിടപെട്ട് ചോദ്യങ്ങൾ ചോദിച്ച് വിഷയങ്ങൾ കൊണ്ടുവരുന്ന രീതിയാണ് ഇവിടെ നടക്കുന്നത്. (.....ബഹളം.....) സാധാരണരീതിയിൽ എല്ലാക്കാലത്തുമുള്ള തെറ്റ് തുടർന്ന് വരണമെന്നില്ലല്ലോ. അത് നിർഭാഗ്യകരമായ ഒന്നാണ്. (.....ബഹളം.....) മൂന്ന് മണിക്കൂർ ചർച്ച നടന്ന സന്ദർഭത്തിൽ ദീർഘമായ പ്രസംഗം നടത്തുമ്പോഴും ബന്ധപ്പെട്ട വിഷയങ്ങളുടെ കാര്യങ്ങൾ പറയാനോ പറയാൻ ചുമതലപ്പെടുത്തിയ ആളുകളെ അത് അറിയിക്കാനോ അംഗങ്ങൾ ശ്രദ്ധിക്കുന്നില്ല. മന്ത്രി മറുപടി പറയുന്ന സമയത്ത് ചോദ്യങ്ങൾ ചോദിക്കുന്നുവെന്ന നിർഭാഗ്യകരമായ സാഹചര്യമുണ്ടെന്നുള്ളത് അങ്ങയെ ഓർമ്മപ്പെടുത്തുന്നു. (.....ബഹളം.....) പ്രതിപക്ഷനേതാവിനോട് ഞാൻ പറഞ്ഞുകഴിഞ്ഞില്ല. അങ്ങനെയൊരു നിർഭാഗ്യകരമായ സാഹചര്യമുണ്ടാകുന്നത് സഭയുടെ അന്തസ്സിന് ചേരുന്ന കാര്യമല്ലെന്നാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. അതേസമയം ബഹുമാനപ്പെട്ട

പി. ടി. തോമസ് പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇടപെടുകയോ അദ്ദേഹത്തിന് പ്രസംഗിക്കാൻ അവസരം കൊടുക്കാതിരിക്കുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തിന് പറയാനുള്ളതെല്ലാം പറഞ്ഞു. ശ്രീ. പി. ജെ. ജോസഫ് ഇവിടെ ദീർഘമായ പ്രസംഗം നടത്തി. ഡിമാന്റ് ചർച്ചയുടെ ഭാഗമായി സംസാരിക്കുന്ന അംഗങ്ങളെ തടസ്സപ്പെടുത്തുകയോ അവരുടെ അവകാശങ്ങളിൽ ഇടപെടുകയോ ചെയ്തിട്ടില്ല. അതുപോലെ ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാനുള്ള അവകാശമുണ്ടെന്നുകൂടി ഓർമ്മിക്കണം. പ്രതിപക്ഷനേതാവ് ആവശ്യപ്പെടുന്ന സന്ദർഭങ്ങളിലെല്ലാം അങ്ങേയ്ക്ക് സംസാരിക്കാനുള്ള അവസരം നൽകാറുണ്ടെന്ന് അങ്ങും അംഗങ്ങളും ഓർമ്മിക്കണം. ഒരു സമയത്തും പ്രതിപക്ഷനേതാവിന് അവസരം നൽകാത്ത സാഹചര്യമുണ്ടാകാറില്ല. (.....ബഹളം.....) ബന്ധപ്പെട്ട വിഷയത്തിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ആ വിഷയം കൊണ്ടുവരാൻ ശ്രമിക്കുന്നത് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും നല്ലതാണെന്നാണ് ഞാൻ പറയുന്നത്. (.....ബഹളം.....) സഭയുടെ നിലവാരത്തിനും അന്തസ്സിനും ചേരുന്നത് അതായിരിക്കും. (....ബഹളം.....) പ്ലീസ്....പ്ലീസ്.. (.....ബഹളം.....)

അംഗങ്ങളെല്ലാം ഇരിക്കൂ. പ്ലീസ്....പ്ലീസ്.... ഇരിക്കൂ. (.....ബഹളം.....) എന്താണിത്? (.....ബഹളം.....) ശ്രീ. എ. പ്രദീപ്കുമാർ, ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്..... ഇരിക്കൂ. ആർക്കെങ്കിലും ഒരാൾക്ക് മൈക്ക് തരാം. പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് മൈക്ക് കൊടുക്കൂ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുഖ്യമന്ത്രി മൈതാന പ്രസംഗമാണ് നടത്തിയതെന്നാണ് പറഞ്ഞത്. അപ്പോൾ എങ്ങനെ പ്രതികരിക്കാതിരിക്കും. (.....ബഹളം.....)

മി. സ്പീക്കർ: ഇത് നിർഭാഗ്യകരമായ സാഹചര്യമാണ്. പ്ലീസ്... ദയവായി ഇരിക്കൂ. (.....ബഹളം.....)

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ എന്ത് പറഞ്ഞു. (.....ബഹളം.....)

മി. സ്പീക്കർ: അംഗങ്ങൾ ദയവായി ഇരിക്കൂ. (.....ബഹളം.....) ബഹുമാനപ്പെട്ട മന്ത്രിമാരെങ്കിലും ദയവായി ഇയർ ഫോൺ ഉപയോഗിക്കണം. (.....ബഹളം.....) എന്തിനാണ് ഈ ബഹളമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഡിമാന്റ് ചർച്ചയുടെ മറുപടിയിൽ മുഖ്യമന്ത്രിക്ക് സംസാരിക്കാൻ അവസരവും

അവകാശവുമുണ്ട്. അദ്ദേഹം എന്ത് പറയണമെന്ന് ചെയറിന് തീരുമാനിക്കാൻ നിർവ്വാഹമില്ല. (.....ബഹളം.....) നിങ്ങൾ ഇരിക്കൂ. പ്ലീസ്.....ഇരിക്കൂ. (.....ബഹളം.....) നിങ്ങൾ ഇരിക്കുന്നുണ്ടോ? (.....ബഹളം.....) ശ്രീ. എ. എൻ. ഷംസീർ, ശ്രീ. എം. സ്വരാജ് നിങ്ങളാണ് ആദ്യം ഇരിക്കേണ്ടത്. (.....ബഹളം.....) നിയമസഭ നന്നായി കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം കൂടുതലുള്ളത് ഭരണപക്ഷത്തിനാണ്. നിങ്ങളും ഇരിക്കൂ. ശ്രീ. അൻവർ സാദത്ത്, ഇരിക്കൂ. പേടിപ്പിക്കലൊന്നുമില്ല. അതൊന്നും പറയണ്ട. (.....ബഹളം.....) ആരും ആരെയും പേടിപ്പിക്കുകയൊന്നുമില്ല. ആരും അങ്ങനെ പേടിക്കില്ല. (.....ബഹളം.....) പ്ലീസ്.....ഇരിക്കൂ.